"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ഒ.പി (ആർ.സി) നം.408/2021-ാം നമ്പർ കേസിലെ നടപടികൾ തുടരുന്നതിന് പ്രസന്റിംഗ് ഓഫീസറെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1343/2022/LSGD തീയതി,തിരുവനന്തപുരം, 30-05-2022

പരാമർശം:-

1. തിരൂരങ്ങാടി നഗരസഭാ ചെയർപേഴ്സൺ ശ്രീമതി. റഹീദ കെ.ടി യുടെ 06.04.2018 തീയതിയിലെ 6049/18 കത്ത്
2. 02.12.2019 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ വി2 -8563 /2018 നമ്പർ കത്ത്
3. 30.09.2021 തീയതിയിലെ സ.ഉ (സാധാ) നം.1878/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ 22.12.2021,28.01.2021,20.04.2022 തീയതികളിലെ എ5/ഒ.പി(ആർ.സി) 408/2021/ഒബിഡിഎൻ നമ്പർ കത്തുകൾ.

## ഉത്തരവ്

തിരൂരങ്ങാടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എസ് ജയകുമാറിനെതിരെ തിരൂരങ്ങാടി നഗരസഭാ ചെയർപേഴ്സൺ പരാമർശം 1 പ്രകാരം സമർപ്പിച്ച പരാതിയിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമങ്ങൾക്കും ബന്ധപ്പെട്ട ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുകയും നഗരസഭാ ചെയർപേഴ്സന്റെ നിയമാനുസൃതമായ നിർദേശങ്ങൾ ധിക്കരിക്കുകയും ചെയ്യുന്ന ടി നഗരസഭാ സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ ഈ വിഷയം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. കേരള മുനിസിപ്പാലിറ്റി വകുപ്പ് 229 A(3) പ്രകാരം മുനിസിപ്പാലിറ്റിയിലെ തെരെഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും ജീവനക്കാരും പരുഷമായ ഭാഷയും ആംഗ്യവും പ്രവൃത്തികളും പരിപൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് പരസ്പര ബഹുമാനം പുലർത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ വകുപ്പ് 271 M(2) പ്രകാരം തിരൂരങ്ങാടി ചെയർപേഴ്സൺ നൽകിയ പരാതിയിൽ നഗരസഭാ സെക്രട്ടറിയുടെ ദുർഭരണത്തിന്റെ ഒരു പട്ടിക തന്നെ നിരത്തിയിട്ടുള്ള സാഹചര്യത്തിലും ചെയർപേഴ്സൺ നൽകിയ പരാതിയിന്മേലുള്ള അന്വേഷണത്തിന് ഓംബുഡ്സ്മാന് റഫർ ചെയ്യാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 ലെ ഉത്തരവ് പ്രകാരം തിരൂരങ്ങാടി ചെയർപേഴ്സന്റെ പരാതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തിരുന്നു.

ഒ.പി (ആർ.സി) നം. 408/2021 നമ്പരായി ഫയൽ ചെയ്ത കേസിൽ നടപടികൾ തുടരുന്നതിനായി പ്രാപ്തിയുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥനെ പ്രസന്റിംഗ് ഓഫീസറായി നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 4 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു

വേണ്ടിയുളള ഓംബുഡ്സ്മാൻ സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒ.പി (ആർ.സി) നം. 408/2021 നമ്പരായി ഫയൽ ചെയ്ത കേസിൽ നടപടികൾ തുടരുന്നതിനായി തദ്ദേശസ്വയംഭരണ(ഇ.യു)വകുപ്പിന്റെ അണ്ടർ സെക്രട്ടറിയെ പ്രസന്റിംഗ് ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ